# ***അക്കാദമിക് മാസ്റ്റർപ്ലാൻ-2025 -26***

ചാല പടിഞ്ഞാറേക്കര എൽ പി സ്കൂൾ

പി ഓ തോട്ടട

കണ്ണൂർ സൗത്ത്

# ആമുഖം

കേരള സർക്കാർ നവ കേരളമിഷന്റെ ഭാഗമായി പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്ക് പുത്തൻ ഉണർവും പുതിയ ദിശാബോധവും നൽകി വരികയാണ്. വിദ്യാഭ്യാസത്തിൻറെ ഗുണനിലവാരം ഉയർത്തി അന്തർദേശീയ നിലവാരത്തിൽ എത്തിക്കുക എന്നത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയിലേക്ക് എത്തുന്നതിന്റെ ഭാഗമായി ചാല പടിഞ്ഞാറേക്കര എൽ പി സ്കൂൾ ഭൗതിക, അക്കാദമിക മേഖലകളിൽ മുന്നേറ്റം കുറിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയാണ്. വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി പ്രദേശത്തെ എല്ലാ കുട്ടികളെയും വിദ്യാലയത്തിലേക്കാകർഷിക്കാനുതകുന്ന പ്രവർത്തനങ്ങളാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്.

കുട്ടിയുടെ സമഗ്ര വികാസമാണ് അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ മുഖ്യ ലക്ഷ്യം.

കുട്ടിയുടെ വൈജ്ഞാനിക വികാസം മാത്രമല്ല വ്യക്തി വികാസവും, വൈകാരിക,സാമൂഹ്യ മേഖലകളിലെ വളർച്ചയും ഈ പ്ലാൻ ലക്ഷ്യമിടുന്നു.പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ പ്രേരിപ്പിച്ചും പ്രോത്സാഹിപ്പിച്ചും നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ നടത്തിയുമാണ് ഈ നേട്ടം കൈവരിക്കാൻ ശ്രമിക്കുന്നത്. അക്കാദമി കമ്പികവിലൂടെ വിദ്യാലയ മികവ് നേടുക എന്ന ലക്ഷ്യത്തിലെത്തുന്നതിന് ഓരോ അധ്യാപകനും, രക്ഷിതാവും, വിദ്യാർത്ഥിയും നിരന്തരമായി പ്രയത്നിക്കാൻ ബാധ്യസ്ഥരാണ്.ഞങ്ങളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ഈ പൊതുവിദ്യാലയം മികവിന് കേന്ദ്രമാകും എന്നത് സന്ദേഹമില്ലാതെ ഉറപ്പിക്കാം.

# *വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്*

പൊതുവിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ചില തെറ്റായ ധാരണകൾ പ്രചരിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ മേഖലയോട് പുറംതിരിഞ്ഞു നിൽക്കുന്ന ഒരു വിഭാഗം ഇന്ന് നമ്മുടെ സമൂഹത്തിൽ ഉണ്ട് അവർ അത്തരം വിശ്വാസങ്ങളിൽ ഉറച്ച നിൽക്കുന്നവരാണ് എന്ന് നമുക്ക് തീർത്തും പറയാൻ കഴിയില്ല.ഉപരിപ്ലവങ്ങളായ ചില സാമൂഹിക സാമ്പത്തിക കാരണങ്ങളും ഇത്തരം ആളുകളെ സ്വാധീനിക്കുന്നുണ്ട് എന്നതാണ് വാസ്തവം.എന്നാൽ അറിവിൻറെ വ്യാപനത്തെ സാമ്പത്തിക സാമൂഹികവുമായ മാനദണ്ഡങ്ങൾക്കപ്പുറം കുട്ടിയുടെ കഴിവുകൾ തന്നെയാണ് പ്രധാനം എന്നതാണ് നമ്മുടെ വിശ്വാസം.നമ്മുടെ വിദ്യാലയത്തിൽ അധ്യായം നടത്തി തിരിച്ച പോകുമ്പോൾ മറ്റേതൊരു സ്ഥാപനത്തെക്കാളും അല്ലെങ്കിൽ അവയെ കവച്ച വയ്ക്കുന്ന തരത്തിൽ അക്കാദമിക് മികവും സാമൂഹിക ബോധവും ആത്മവിശ്വാസവും പരിമിതികളോട് പടവെട്ടാനുള്ള ആർജ്ജവവും ഉള്ള പൂർണ്ണമായ മാനസിക വളർച്ചയുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ഈ പ്ലാനിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നത്.സാമ്പത്തിക പിന്നോക്കാവസ്ഥ കൊണ്ട് ഒരു കുട്ടിയുടെ ബുദ്ധിയുടെ തലം പരിമിതപ്പെട്ടും എന്ന അഭിപ്രായം നമുക്കില്ല.അത്തരം പ്രതികൂല സാഹചര്യങ്ങളെ നേരിടാനുള്ള ജീവിതവിജയം നേടാൻ പ്രാപ്തി നൽകുന്ന വിവിധ പദ്ധതികളാണ് ഈ അക്കാദമികളുടെ നാം ലക്ഷ്യമിടുന്നത്.

# പൊതുലക്ഷ്യങ്ങൾ

*വിദ്യാലയത്തെ പ്രവേശനം നേടുന്ന എല്ലാ കുട്ടികളുടെയും മികവ് കണ്ടെത്തി വളർത്തുക

*ഓരോ ക്ലാസുകൾ കുട്ടികൾ നേരിടുന്ന പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

*ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുവാൻ മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കുക.

*ആരോഗ്യ- കായിക- കലാരംഗത്ത് മികച്ച പരിശീലനം നൽകുക.

*ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ എല്ലാ ക്ലാസിലും മികച്ച പഠനാന്തരീക്ഷം ഉറപ്പുവരുത്തുക.

# ഗണിതം

## നേട്ടങ്ങൾ

* ഗണിത മാഗസിൻ നിർമ്മാണ മത്സരത്തിൽ സബ് ജില്ലാതലത്തിൽ ഒന്നാം സ്ഥാനം

* ഗണിത പസ്സിൽ മത്സരത്തിൽ തുടർച്ചയായി എ ഗ്രേഡും ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

* ഉപജില്ല ഗണിത ക്വിസ് മത്സരങ്ങളിൽ മികച്ച പ്രകടനം.

* ഗണിത പഠനം രസകരമാക്കുവാൻ വിധ കളികൾ പരിശീലിപ്പിക്കുന്നു.
(ബോർഡുകളി, മാന്ത്രികചതുരം, ഈർക്കിൽ കളി )

* ഗണിത പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ പ്രത്യേകം സജ്ജീകരിച്ചിട്ടുണ്ട്.

* ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കുന്നു.

## *കണ്ടെത്തിയ പരിമിതികൾ*

* എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

* ഐടി അധിഷ്ഠിത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിമിതികൾ

* സ്വതന്ത്രമായി കുട്ടികൾക്ക് കൈകാര്യം ചെയ്യാവുന്ന ഗണിത ലാബിന്റെ അഭാവം

* തുടർ പ്രവർത്തനങ്ങളിൽ രക്ഷിതാക്കൾക്ക് വേണ്ടത്ര ശ്രദ്ധിക്കുവാൻ സാധിക്കുന്നില്ല.

* പഠന വേഗത കുറഞ്ഞ കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറക്കുന്നില്ല.

* പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതമായി ബന്ധപ്പെടുത്തുവാൻ വേണ്ടത്ര സാധിക്കുന്നില്ല.

*എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പുവരുത്തുന്നില്ല.

# പരിഹാരബോധനം

* പ്രീ ടെസ്റ്റ് നടത്തി കുട്ടിയുടെ നില നിർണ്ണയിക്കുന്നു

* അടിസ്ഥാനശേഷികൾ ഉറപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

* എല്ലാ കുട്ടികളെയും പരിഗണിച്ചുകൊണ്ട് പഠനാസൂത്രണം പഠനോപകരണങ്ങളും തയ്യാറാക്കൽ.

* ഗണിത ക്ലബ്ബിനെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുക.

* ഗണിത ലാബം മികച്ച രീതിയിൽ സജ്ജീകരിക്കുക.

* വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുവാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

* ക്ലാസ് പിടിഎ ഫലപ്രദമാക്കുക.

* പഠന വേഗത കുറഞ്ഞവർക്ക് പ്രത്യേക പരിശീലനങ്ങൾ സംഘടിപ്പിക്കുക.

* ഗണിതാശയങ്ങൾ വ്യത്യസ്ത രീതിയിൽ പ്രദർശിപ്പിക്കുക.

* ഗണിത കളികൾ സജ്ജീവമാക്കുക.

# YEAR PLAN – 2025 -26

| SL NO | NAME OF PROGRAMME | TIME | CHARGE |
|---|---|---|---|
| 1 | SRG | JUNE 4 | |
| 2 | സ്കൂൾ പച്ചക്കറിത്തോട്ടം | JUNE 5 | |
| 3 | SRG | JUNE 17 | |
| | വായനക്കളരി നവീകരണം | JUNE 19 - JULY 7 | |
| | CPTA ജനറൽ ബോഡി. | JUNE 19 | |
| | SRG | JULY 4 | |
| | ബഷീർ ചരമദിനം | | |
| | ലോക ജനസംഖ്യാദിനം | JULY 11 | |
| | ചാന്ദ്രദിനം | JULY 21 | |
| | സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് | JULY 15 | |
| | മുന്നേറ്റം<br>(മലയാള ഭാഷാ പഠനത്തിൽ പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക മോഡ്യൂൾ തയ്യാറാക്കി പരിശീലനം.) | JULY 6 | |
| | ആരോഗ്യ ബോധവൽക്കരണ ക്ലാസ് | JULY 17 | |
| | SRG | | |

| | | | |
|---|---|---|---|
| | പ്രേംചന്ദ് ദിനം | JULY 31 | |
| | PTA/CPTA പ്രവർത്തക സമിതി | AUGUST 5 | |
| | ഹിരോഷിമാ ദിനം | AUGUST 6 | |
| | ഗണിതം മധുരം<br>( ഗണിത പഠനത്തിൽ പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പരിശീലനം) | AUGUST 10 | |
| | സ്വാതന്ത്ര്യദിനാഘോഷം | AUGUST 15 | |
| | SRG | | |
| | ഓണാഘോഷം | AUGUST 29 | |
| | അധ്യാപക ദിനം | SEPTEMBER 5 | |
| | ഓസോൺ ദിനം | SEPTEMBER 16 | |
| | സാഹിത്യ ശില്പശാല<br>(സാഹിത്യാഭിരുചിയുള്ള കുട്ടികളെ പങ്കെടുപ്പിച്ച ഏകദിന രചന ശിൽപശാല  കയ്യെഴുത്ത് മാസിക പ്രകാശനം) | OCTOBER 1 | |
| | CPTA | | |
| | SRG | | |
| | ഗാന്ധിജയന്തി | OCTOBER 2 | |
| | PTA/MPTA പ്രവർത്തക സമിതി | | |
| | പുസ്തക വണ്ടി<br>(സ്കൂൾ പ്രദേശത്ത് വായനയുടെ പ്രാധാന്യം പ്രചരിപ്പിക്കുകയും സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം ശേഖരിക്കുകയും) | OCTOBER 5 | |
| | SRG | | |
| | PTA പ്രവർത്തകസമിതി | NOVEMBER 1 | |
| | ശിശുദിനം | NOVEMBER 14 | |
| | SRG | | |

| | | | |
|---|---|---|---|
| | സ്കൂൾ പൂന്തോട്ടം നിർമ്മാണം | NOVEMBER 30 | |
| | PTA | | |
| | ശ്രീനിവാസ രാമാനുജൻ ദിനം | DECEMBER 22 23 | |
| | SRG | | |
| | PTA | | |
| | തൊഴിൽ പരിശീലനം<br>(അഞ്ചാം ക്ലാസിലെ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് ക്രാഫ്റ്റ് പരിശീലനം, കൗതുകവസ്തുക്കൾ തുടങ്ങിയവ നിർമാക്കുന്നു) | JANUARY | |
| | റിപ്പബ്ലിക് ദിനം | JANUARY 26 | |
| | SRG | | |
| | നീന്തൽ /സൈക്കിൾ പരിശീലനം | FEBRUARY 1 | |
| | പോഷകാഹാര മേള | FEBRUARY 15 | |
| | SRG | | |
| | മാതൃഭാഷ ദിനം | FEBRUARY 21 | |
| | ദേശീയശാസ്ത്ര ദിനം | FEBRUARY28 | |
| | PTA | | |
| | പഠനോത്സവം<br>(കുട്ടികൾ പഠന തെളിവുകളും ഉത്പന്നങ്ങളും പ്രദർശിപ്പിക്കുന്നു) | MARCH | |
| | SRG | | |
| | Easy English | JUNE - MARCH | |